Week -5

# Weekly Devotion -October 2017

## അസാദ്ധ്യതകളുടെ പർവ്വതം ഉരുകുന്നു.

## ( The Mountain of Impossibility,Melts)



ചൈനാക്കാരി നൊബിജ്ജോ എന്ന പെൺകുട്ടി ഒരു ദിവസം തുറസായ സ്ഥലത്തിരുന്ന് പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ ഒരു ദർശനം കാണിച്ചു. അതു കണ്ട പെൺകുട്ടി "എന്റെ തീരുമാനങ്ങൾ തെറ്റാണോ" എന്ന് ദൈവത്തോട് ചോദിച്ചു." അല്ല മകളെ, നീ നിനച്ചതിലും അപ്പുറമായ നല്ല വഴിയിൽ കൂടി നടത്തുവാനാണ് ഞാൻ ആഗ്രഹിക്കുന്നത് "എന്ന് ദൈവം മറുപടി നൽകി." അങ്ങ് അസാദ്ധ്യമായ കാര്യങ്ങൾ എന്നെ ഏല്പിച്ചാൽ ഞാൻ എങ്ങനെ ചെയ്യും" എന്ന് ദൈവത്തോട് ചോദിച്ചെങ്കിലും അവൾ ദൈവത്തെ അനുസരിച്ചു. അവളുടെ വീടിനടുത്ത് ഒരു ആത്മഹത്യാമുനമ്പുണ്ടെന്നറിഞ്ഞപ്പോൾ ദൈവം തനിക്കുതന്ന ആ ദർശനം അവൾ ഓർത്തു. ഒരു വലിയ signboard അവിടെ സ്ഥാപിച്ചു.അതിൽ ഇപ്രകാരം വലിയ അക്ഷരത്തിൽ എഴുതി "നിങ്ങൾ ആത്മഹത്യ ചെയ്യരുത് നൊബിജ്ജോയെ കാണുക." എന്ന് . അവളുടെ മേൽവിലാസവും വ്യക്തമായി അതിൽ രേഖപ്പെടുത്തിയിരുന്നു. അസാദ്ധ്യമെന്ന് അവൾ കരുതിയ വിഷയത്തെ ദൈവം സാദ്ധ്യമാക്കി നൽകി. അസാദ്ധ്യമെന്ന പർവ്വതത്തെ ദൈവം ഉരുക്കിയത് അവളുടെ വായിൽ നൽകിയ വചനത്താലാണ്. 93 വയസ്സുവരെ പതിനായിരക്കണക്കിനാളുകളെ മരണത്തിൽനിന്ന് രക്ഷയിലേക്ക് കൈപിടിച്ച് ഉയർത്തുവാൻ ദൈവം നൊബിജ്ജോയെ ഉപയോഗിച്ചു .

“സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആർ? നീ സമഭൂമിയായിത്തീരും” എന്ന് പറയുന്ന ദൂത് അദ്ദേഹത്തോടു മാത്രമുള്ളതല്ല, സകലമാനവരാശിയ്ക്കും ഉള്ളതാണ്. എന്നാൽ അത് സൈന്യബലത്താലോ മാനുഷ ശക്തിയാലോ നടക്കുകയില്ല ദൈവത്തിന്റെ പരിശുദ്ധാത്മ ശക്തിയാലാണെന്ന് വചനം വ്യക്തമാക്കുന്നു. (സെഖ:4:6,7) പർവ്വതങ്ങൾ എപ്പോഴും തടയുന്ന ശക്തികളുടെ പ്രതീകമാണ്. പരിശുദ്ധാത്മ ശക്തിയോടെ പ്രവർത്തി ആരംഭിച്ചാൽ പർവ്വതസമാനമായ പ്രശ്നങ്ങളെ ഉരുക്കുവാൻ കഴിയുമെന്ന് യേശു നമുക്ക് കാട്ടിതന്നു. ലൂക്കോ:(4:1,18) വായിക്കുമ്പോൾ ആത്മനിറവ് പ്രാപിച്ച് പിതാവ് ഏല്പിച്ച ദൗത്യം ഏറ്റെടുത്ത പുത്രനെ നമുക്കുകാണാം. നാം പ്രവർത്തി ആരംഭിക്കുമ്പോൾ സാത്താൻ തടസ്സമായി വരുമെന്ന് ലൂക്കോ(4:5-7) വരെയുള്ള ഭാഗത്ത് കാണാം. ഏറ്റവും ഉയർന്ന മലമേൽ കൊണ്ടുപോയി തന്നെ നമസ്കരിച്ചാൽ സകലതും തരാമെന്ന് പറഞ്ഞപ്പോഴും യേശു വചനത്താൽ അവൻ ഉയർത്തിയ പർവ്വതത്തെ ഉരുക്കിക്കളഞ്ഞു. ദൈവഹിതപ്രകാരം നാം പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോഴും സാത്താൻ അടങ്ങിയിരിക്കുകയില്ല എന്ന് മറക്കരുത്. മഹാപർവ്വതത്തെ മഹാശക്തിയുള്ള വചനത്താൽ ഉരുക്കിക്കളയണം.

ചെങ്കടൽ യിസ്രായേൽ ജനത്തിനു മുമ്പിലുള്ള അസാദ്ധ്യതയുടെ പർവ്വതമാണ്. പിറുപിറുപ്പും കോപവുമായി തന്റെ നേരേ വന്ന ജനത്തോട് “യഹോവ ഇന്ന് നിങ്ങൾക്ക് ചെയ്‌വാനിരിക്കുന്ന രക്ഷകണ്ടുകൊൾവിൻ” എന്ന് ഉറപ്പുനൽകിയ മോശയുടെ ധൈര്യം അപാരമാണ് (പുറ:14:13). മോശ പറഞ്ഞവാക്ക് മാറ്റിപ്പറയുവാൻ ഒരിക്കലും ദൈവം സമ്മതിക്കുകയില്ല. കാരണം തന്റെ മക്കൾക്ക് തന്റെ ഭുജബലം കരുണയോടെ നൽകുന്നവനാണ് ദൈവം. മുമ്പോട്ട് പോക, വടി നീട്ടുക എന്ന രണ്ടു പ്രവർത്തി അസാദ്ധ്യമെന്ന് തോന്നാം. എന്നാൽ മോശ അനുസരിച്ചു. അസാദ്ധ്യമെന്നു കരുതിയ വിഷയത്തെ അതായത് മഹാപർവ്വതത്തെ മഹാശക്തിയുള്ള കിഴക്കൻ കാറ്റ് അടിപ്പിച്ച് മാറ്റിയ ദൈവം തന്റെ ഭുജബലം വെളിപ്പെടുത്തി. പുറ(15:8) ൽ ആഴങ്ങൾ ഉറഞ്ഞുപോയി എന്ന് കാണാം .

മുൻപോട്ടു പോകുവാൻ വിശ്വാസത്തോടെ ഒരുങ്ങുന്നവന് പ്രതികൂലമാകുന്ന ആഴങ്ങളെ ഉറഞ്ഞ അവസ്ഥയിലാക്കി വഴി ഒരുക്കുന്നവനാണ് ദൈവം. വിശ്വാസത്തോടെ മുമ്പോട്ടുപോകുന്നവരുടെ പിമ്പേ ഞാൻ പിന്തുടരും,

പിടിക്കും എന്ന ആശയാൽ സാത്താനും കൂട്ടരും ഉണ്ടാകും. നിന്റെ വഴി ശത്രുവിനുള്ളതല്ല. യഹോവ താൻ സമ്പാദിച്ച ജനത്തെ വഴിനടത്തുന്നതു കണ്ട് ശത്രുക്കൾ ഭയപ്പെടും, മഹാപർവ്വതം സമനിലമാകണമെങ്കിൽ കൃപ ആവശ്യമാണ് കൂടാതെ യഹോവയുടെ മഹത്വം വെളിപ്പെടണം. നാം അറിയാതിരിക്കെ നമ്മെ ഓമനപ്പേർ ചൊല്ലിവിളിച്ച നല്ലവൻ നമ്മുടെ അസാദ്ധ്യതകളെ ഉരുക്കി സാദ്ധ്യമാക്കുന്നവനാണ്. അവനിലാശ്രയിച്ച് മുൻപോട്ട് പോകുവാൻ ദൈവം ഇടയാക്കട്ടെ.

## പ്രാർത്ഥന

മനുഷ്യർക്കസാദ്ധ്യമായത് ദൈവത്തിന് സാദ്ധ്യമെന്ന് പഠിപ്പിച്ച പിതാവേ ! വചനത്താൽ ശക്തിപ്രാപിച്ച് ആത്മ നടത്തിപ്പാൻ മുൻപോട്ട് പോകുവാൻ സഹായിക്കേണമേ. മഹാപർവ്വതത്തിന്റെ ഉന്നതികളിൽ മേൽ അങ്ങ് നടന്ന് ഞങ്ങളുടെ പ്രതികൂലങ്ങളാകുന്ന പർവ്വതങ്ങളെ ഉരുക്കുന്നതിനായി സ്തോത്രം. യേശുവിൻ നാമത്തിൽ തന്നെ

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind